<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2260</u> <u>12-12-2022 - ൽ മറുപടിയ്ക്ക്</u>

<u>കയ്പമംഗലം പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പുതുതായി ആരംഭിച്ച കയ്പമംഗലം പോലീസ് സ്റ്റേഷൻ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിടത്തിലാണ് താൽക്കാലികമായി ആരംഭിച്ചിരിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ പോലീസ് സ്റ്റേഷന് സ്വന്തം കെട്ടിടവും സ്ഥലവും വാങ്ങുന്നതിന് ആവശ്യമായ നടപടി ഏത് ഘട്ടത്തിലാണെന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (ബി) | കയ്പമംഗലം പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് റവന്യൂ വക ഭൂമി പ്രസ്തുത പോലീസ് സ്റ്റേഷൻ പരിധിയിൽ ലഭ്യമാകാത്തതിനാൽ ഭൂമി കണ്ടെത്തുന്നതിനായി നടത്തിയ അന്വേഷണത്തിൽ കയ്പമംഗലം വില്ലേജിൽ കേരളാ വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള സർവ്വേ നം.207/4 ൽ ഉൾപ്പെട്ട 0.1597 ഹെക്ടർ ഭൂമി അനുയോജ്യമാണെന്ന് കണ്ട് പോലീസ് വകുപ്പിന് കൈമാറി കിട്ടുന്നതിന് ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിരുന്നു. പ്രസ്തുത ഭൂമി നാട്ടിക ഫർക്ക സമഗ്ര കുടിവെള്ള പദ്ധതിയുടെ വിപുലീകരണത്തിന് ആവശ്യമായി വരുന്നതിനാൽ ഈ സ്ഥലം വിട്ടു തരുവാൻ കഴിയില്ലായെന്ന് കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചതായി ജില്ലാ കളക്ടർ മറുപടി നൽകിയിട്ടുണ്ട്.<br>തുടർന്ന് പ്രസ്തുത പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട വാട്ടർ അതോറിറ്റിയുടെ ഏടത്തിരുത്തി പഞ്ചായത്തിലെ ചെന്ത്രാപ്പിന്നി 17 ഭാഗം നാഷണൽ ഹൈവേ 66-ൽ നിന്ന് ഒരു കിലോമീറ്റർ കിഴക്കുമാറി കാലങ്ങളായി ഉപയോഗിക്കാതെ കിടക്കുന്ന 39 സെന്റ് ഭൂമി (സർവ്വേ നം.141/9) പോലീസ് വകുപ്പിന് വിട്ടുകിട്ടുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ പ്രസ്തുത ഭൂമി വിട്ടുകിട്ടുന്നതിനുള്ള നിരാക്ഷേപപത്രത്തിനായി അപേക്ഷ നൽകിയിട്ടുള്ളതും, ലഭ്യമാകുന്ന മുറയ്ക്ക് കയ്പമംഗലം പോലീസ് സ്റ്റേഷൻ കെട്ടിടം |

| | | | |
|---|---|---|---|
| | | | നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ